"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്തനിവാരണ വകുപ്പ് - വയനാട് മേപ്പാടി ഗ്രാമ പഞ്ചായത്തിൽ 30.07.2024-ന് ഉണ്ടായ ഉരുൾപ്പൊട്ടലിൽ ദുരന്തബാധിതരുടെ പുനരധിവാസം- സ്വീകരിക്കേണ്ട തുടർ നടപടി സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ(എ) വകുപ്പ്**

സ.ഉ.(കൈ) നം.3/2025/DMD തീയതി,തിരുവനന്തപുരം, 28-02-2025

---

പരാമർശം:-
1. സഉ(പി)നം. 2/2024/ഡിഎംഡി തീയതി 09.08.2024
2. സഉ(കൈ) നം. 11/2024/ഡിഎംഡി തീയതി 04.10.2024
3. സ.ഉ(സാധാ)നം. 866/2024/ഡിഎംഡി തീയതി 26.11.2024
4. സഉ(സാധാ)നം.10/2025/ഡിഎംഡി തീയതി 04.01.2025
5. സ.ഉ.(കൈ) നം.2/2025/ഡിഎംഡി തീയതി 15-01-2025

**ഉത്തരവ്**

വയനാട് മേപ്പാടി ഗ്രാമ പഞ്ചായത്തിൽ 30.07.2024-ന് ഉണ്ടായ ഉരുൾപ്പൊട്ടലിൽ ദുരന്തബാധിതരുടെ പുനരധിവാസം സംബന്ധിച്ച് ചുവടെ ചുവടെ പറയുന്ന നടപടികൾ സ്വീകരിക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. നോ-ഗോ സോണിന് പുറത്തായി സ്ഥിതി ചെയ്യുന്ന ദുരന്ത കാരണം ഒറ്റപ്പെട്ടു പോകുന്ന വീടുകളെ ഉൾപ്പെടുത്തിയിട്ടുള്ള കരട് ഫേസ് 2 B ലിസ്റ്റ്, നോ-ഗോ സോണിന്റെ പരിധിയിൽ നിന്ന് 5 0 മീറ്ററിനുള്ളിൽ പൂർണ്ണമായി ഒറ്റപ്പെട്ടുപോകുന്ന അവസ്ഥയിലുള്ള വീടുകൾ മാത്രം പരിഗണിച്ചുകൊണ്ട് തിട്ടപ്പെടുത്താൻ വയനാട് ജില്ലാകളക്ടർക്ക് അനുമതി നൽകുന്നു.

2. ഡിഡിഎംഎ (ജില്ലാ ദുരന്ത നിവാരണ അതോറിറ്റി) തയ്യാറാക്കിയ ദുരന്ത ബാധിത കുടുംബങ്ങളുടെ ലിസ്റ്റ് 430 അധികരിക്കാത്തതിനാലും സർക്കാർ നിർമ്മിക്കുന്ന ടൗൺഷിപ്പിന് പുറത്ത് താമസിക്കുവാൻ ആഗ്രഹിക്കുന്ന ഉരുൾപ്പൊട്ടൽ ബാധിത കുടുംബങ്ങൾക്ക് അനുവദിക്കുന്ന 15 ലക്ഷം രൂപ സ്വീകരിക്കുന്ന ഗുണഭോക്താക്കളും ലിസ്റ്റിൽ നിന്ന് ഒഴിവാക്കപ്പെടും എന്നതിനാലും പുനരധിവാസത്തിനായി ആദ്യഘട്ടത്തിൽ എൽസ്റ്റോൺ എസ്റ്റേറ്റ് ഏറ്റെടുക്കുന്നതിനും നെടുമ്പാല എസ്റ്റേറ്റിനെ ഒഴിവാക്കുന്നതിനും അനുമതി നൽകുന്നു. ഗുണഭോക്താക്കൾക്ക് വീട് നൽകുന്നതിനായി 7 സെന്റ് ഭൂമി വീതമുള്ള plot size ആയി പുന: ക്രമീകരിക്കുന്നതിനും അനുമതി നല്കുന്നു.

3. വയനാട് മാതൃകാ ടൗൺഷിപ്പിലെ ഭൂമി പതിവ് വിഷയവുമായി ബന്ധപ്പെട്ട് ചുവടെ കാണുന്ന

പ്രകാരം നടപടി കൈകൊള്ളേണ്ടതാണ്.

i. വയനാട് മാതൃകാ ടൗൺഷിപ്പ് നിർമ്മിക്കുന്നതിനായി കണ്ടെത്തിയിട്ടുള്ള എൽസ്റ്റൺ എസ്റ്റേറ്റ് സ്ഥിതി ചെയ്യുന്നത് മുനിസിപ്പൽ പ്രദേശത്താണ്.
ii. ഭൂമി പതിച്ച് നൽകുന്നതിന് ഗുണഭോക്താവിന്റെ വരുമാന പരിധി കണക്കാക്കേണ്ടതില്ല.
iii. റസിഡൻഷ്യൽ യൂണിറ്റായി ലഭിച്ച ഭൂമിയും വീടും ഹെറിട്ടബിൾ ആയിരിക്കുകയും, പന്ത്രണ്ട് വർഷത്തേയ്ക്ക് അന്യാധീനപ്പെടുത്താൻ പാടില്ലാത്തതുമാണ്.
iv. റസിഡൻഷ്യൽ യൂണിറ്റും വീടും ഗൃഹനാഥന്റെയും ഗൃഹനാഥയുടെയും കൂട്ടായ പേരിൽ അനുവദിക്കേണ്ടതാണ് (ജീവിച്ചിരിക്കുന്നത് അനുസരിച്ച്).
v. ടി ഭൂമിയും വീടും, 12 വർഷത്തിന് മുൻപ് ഗുണഭോക്താവിന് അവശ്യ ഘട്ടങ്ങളിൽ പണയപ്പെടുത്തി (Mortgage) വായ്പ എടുക്കുന്നതിന്റെ സാധ്യത ഓരോ കേസുകളായി പരിശോധിച്ച് സർക്കാർ തീരുമാനി ക്കേണ്ടതാണ്.

4 . ടൗൺഷിപ്പിൽ വീട് അനുവദിക്കുന്നതിനോ, 15 ലക്ഷം രൂപ നൽകുന്നതിനോ മുൻപ് പട്ടികയിൽപെടുന്ന വീടുകളിൽ നിന്നും ഉപയോഗയോഗ്യമായ ജനൽ, വാതിൽ, മറ്റ് വസ്തുക്കൾ എന്നിവ ഗുണഭോക്താക്കൾ തന്നെ സ്വയം പൊളിച്ച് മാറ്റേണ്ടതും, വില്ലേജ് ഓഫീസറും, പഞ്ചായത്ത് സെക്രട്ടറിയും സംയുക്തമായി വീടുകൾ പൊളിച്ച് മാറ്റപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

5. ഒരു വീട് പൂർണ്ണമായി നിർമ്മിക്കുന്നതിനുള്ള സ്പോൺസർഷിപ്പ് തുക ഇരുപത് ലക്ഷം രൂപയായിരിക്കും.

6. ദുരന്തബാധിതർക്ക് നിലവിൽ അനുവദിച്ചിട്ടുള്ള 300 രൂപ ബത്ത അതേ വ്യവസ്ഥയിൽ തുടർന്നും അനുവദിക്കുന്നതിന് തത്വത്തിൽ അംഗീകാരം നല്കുന്നു. പ്രസ്തുത തുക അനുവദിക്കുന്ന വിഷയത്തിന്മേൽ തുടർനടപടി സ്വീകരിക്കുവാൻ സ്റ്റേറ്റ് എംപവേർഡ് കമ്മിറ്റിയെ ചുമതലപ്പെടുത്തുന്നു.

7. സപ്ലൈക്കോ വഴി മാസം 1000 രൂപയുടെ സാധനങ്ങൾ വാങ്ങാവുന്ന കൂപ്പൺ വാടകയ്ക്ക് താമസിക്കുന്ന ദുരന്തബാധിത കുടുംബങ്ങൾക്ക് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയിൽ ലഭ്യമായ സി.എസ്.ആർ. ഫണ്ടിൽ നിന്നും നൽകാൻ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ മെമ്പർ സെക്രട്ടറിയ്ക്ക് അനുമതി നല്കുന്നു. ഓരോ കൂപ്പണും രണ്ടു മാസം വീതം കാലാവധി നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),(എ&ഇ) കേരള, തിരുവനന്തപുരം
കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
കമ്മീഷണർ,ദുരന്ത നിവാരണം
സ്പെഷ്യൽ ഓഫീസർ, വയനാട് ടൗൺഷിപ്പ് പ്രോജക്റ്റ്
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കിഫ്ബി
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കിഫ് കോൺ

ജില്ലാകളക്ടർ,വയനാട്

മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി

ട്രഷറി ഡയറക്ടർ,തിരുവനന്തപുരം

പൊതുഭരണ(എസ് സി) വകുപ്പ്

റവന്യൂ(എ), (ബി) വകുപ്പ്

തദ്ദേശ സ്വയം ഭരണ വകുപ്പ്

പൊതുജന സമ്പർക്ക വകുപ്പ്(Web and New Media)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Sivaprasad V N
Date: 28-02-2025 17:26:33

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 27-02-2025

ഫയൽ നം. ഡി.എം.എ2/89/2025/ഡി.എം.ഡി. ഇനം നം: 2759

വിഷയം : ദുരന്തനിവാരണ വകുപ്പ് - വയനാട് മേപ്പാടി ഗ്രാമ പഞ്ചായത്തിൽ 30.07.2024-ന് ഉണ്ടായ ഉരുൾപ്പൊട്ടലിൽ ദുരന്തബാധിതരുടെ പുനരധിവാസം - സംബന്ധിച്ച്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം (1) അംഗീകരിച്ചു.

(2). "വയനാട് ജില്ലാ കളക്ടർ" എന്നതിനു പകരം "ഡി.ഡി.എം.എ. (ജില്ലാ ദുരന്തനിവാരണ അതോറിറ്റി)" എന്നും, "എൽസ്റ്റോൺ എസ്റ്റേറ്റ് മാത്രമായി" എന്നതിന് പകരം "ആദ്യഘട്ടത്തിൽ എൽസ്റ്റോൺ എസ്റ്റേറ്റ്" എന്നുമുള്ള ഭേദഗതികളോടെ അംഗീകരിച്ചു.

(3). അംഗീകരിച്ചു.

(4). അംഗീകരിച്ചു.

(5). നിർദ്ദേശം പരിഗണിച്ചു. ഒരു വീട് നിർമ്മിക്കുന്നതിനുള്ള സ്പോൺസർഷിപ്പ് തുക ഇരുപത് ലക്ഷം രൂപയായിരിക്കും.

ദുരന്തബാധിതർക്ക് നിലവിൽ അനുവദിച്ചിട്ടുള്ള 300 രൂപ ബത്ത അതേ വ്യവസ്ഥയിൽ തുടർന്നും അനുവദിക്കുന്നതിന് തത്വത്തിൽ അംഗീകരിക്കുന്നതിനും, തുടർനടപടി സ്വീകരിക്കുവാൻ സ്റ്റേറ്റ് എംപവേർഡ് കമ്മിറ്റിയെ ചുമതലപ്പെടുത്തുവാനും തീരുമാനിച്ചു.

കൂടാതെ സപ്ലൈക്കോ വഴി മാസം 1000 രൂപയുടെ സാധനങ്ങൾ വാങ്ങാവുന്ന കൂപ്പൺ വാടകയ്ക്ക് താമസിക്കുന്ന ദുരന്തബാധിത കുടുംബങ്ങൾക്ക് സി.എസ്.ആർ. ഫണ്ടിൽ നിന്നും നൽകാനും ഓരോ കൂപ്പണും രണ്ടു മാസം വീതം കാലാവധി നൽകാനും തീരുമാനിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, ദുരന്തനിവാരണ വകുപ്പ്.

2759

# കേരള സർക്കാർ
## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | ഡിഎം.എ 2/ 89 /2025-ഡി.എം.ഡി. |
| 2. | വകുപ്പ് | ദുരന്ത നിവാരണ (എ) വകുപ്പ് |
| 3. | വിഷയം | വയനാട് മേപ്പാടി ഗ്രാമ പഞ്ചായത്തിൽ 30/07/2024 ന് ഉണ്ടായ ഉരുൾപ്പൊട്ടലിൽ ദുരന്ത ബാധിതരുടെ പുനരധിവാസം- സംബന്ധിച്ച് |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 25.02.2025 |
| 5. | (i)ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | അതെ |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾ ക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾ ക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡിഷണൽ സെക്രട്ടറിയുടെ പേര് | ശ്രീമതി.അനുരാധ കെ.സി |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ശ്രീമതി. ടിങ്കു ബിസ്വാൾ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 25.02.2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീമതി.ശാരദ മുരളീധരൻ |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 26.02.2025 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. പിണറായി വിജയൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 26.02.2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 26.02.2025 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

വയനാട് വൈത്തിരി താലൂക്കിലെ വെള്ളരിമല വില്ലേജിൽ മേപ്പാടി ഗ്രാമ പഞ്ചായത്തിൽ 30/07/2024 ന് ഉണ്ടായ ഉരുൾപ്പൊട്ടലിൽ ദുരന്തബാധിതരായവരുടെ പുനരധിവാസം സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. വയനാട് ജില്ലയിലെ വൈത്തിരി താലൂക്കിലെ മേപ്പാടി പഞ്ചായത്തിലെ ഉരുൾപ്പൊട്ടലിൽ ദുരന്തബാധിതരെ പുനരധിവസിപ്പിക്കുന്നതിനായി ഏറ്റവും അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുള്ള മേപ്പാടി പഞ്ചായത്തിലെ നെടുമ്പാല എസ്റ്റേറ്റിലും, കൽപ്പറ്റ മുനിസിപ്പാലിറ്റിയിലെ എൽസ്റ്റോൺ എസ്റ്റേറ്റിലും മോഡൽ ടൗൺഷിപ്പ് നിർമ്മിക്കുവാൻ 4/10/2024 ലെ സഉ(കൈ)നം.11/2024/ഡിഎംഡി പ്രകാരം തത്വത്തിൽ അംഗീകാരം നല്കിയിരുന്നു.

3. ടൗൺഷിപ്പ് നിർമ്മാണത്തിന്റെ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റായി KIIFB യെ ചുമതലപ്പെടുത്തിയിരുന്നു. പദ്ധതി കാലയളവിലേക്ക് പദ്ധതി ചെലവിന്റെ (ഭൂമി വില ഒഴിവാക്കികൊണ്ടുള്ള പദ്ധതി ചെലവ്) യഥാർത്ഥ ചെലവ് ലാഭരഹിത അടിസ്ഥാനത്തിൽ നൽകി കൊണ്ട് KIIFCON നെ PMC/ എംപ്ലോയർ പ്രതിനിധിയായി നിയമിക്കുകയും, പദ്ധതി നടത്തിപ്പിനായി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ (ULCCS) EPC കരാറുകാരായും 15/01/2025 ലെ സഉ(കൈ)നം.2/2025/ഡിഎംഡി പ്രകാരം നിയമിക്കുകയും ചെയ്തിരുന്നു.

4. ഇപ്രകാരം ഉരുൾപ്പൊട്ടൽ ബാധിതരുടെ പുനരധിവാസത്തിനായി സർക്കാർ നിർമ്മിക്കുന്ന ടൗൺഷിപ്പിന് പുറത്ത് താമസിക്കുവാൻ ആഗ്രഹിക്കുന്ന ഉരുൾപൊട്ടൽ ബാധിത കുടുംബങ്ങൾക്ക് 15 ലക്ഷം രൂപ (പതിനഞ്ച് ലക്ഷം രൂപ മാത്രം) അനുവദിക്കുവാനും 15/01/2025 ലെ സഉ(കൈ)നം.2/2025/ഡിഎംഡി പ്രകാരം അനുമതി നല്കിയിരുന്നു.

5. മേപ്പാടി ഉരുൾപ്പൊട്ടൽ ദുരന്തത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി തയ്യാറാക്കിയ ഒന്നാം ഘട്ട (Phase-1) ലിസ്റ്റ് 07/02/2025 ന് വയനാട് ജില്ലാകളക്ടർ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഫെയ്സ് 1 ലിസ്റ്റിൽ 242 ഗുണഭോക്താക്കളാണ് ഉൾപ്പെട്ടിട്ടുള്ളത്.

6. വയനാട് മേപ്പാടി പഞ്ചായത്തിൽ ഉണ്ടായ ഉരുൾപൊട്ടൽ ദുരന്ത മേഖലയിൽ വാസയോഗ്യമല്ലെന്ന് കണ്ടെത്തുന്ന ഇടങ്ങളിൽ (നോ ഗോ സോൺ) താമസിക്കുന്ന കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ തീരുമാനിച്ച് (ഫേസ് 2) 04-01-2025 ലെ സ.ഉ.(സാധാ) നം.10/2025/DMD പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിൽ നോ ഗോ സോണിൽ ഉൾപ്പെടുന്ന വീടുകൾ ലിസ്റ്റ് എ ആയും, നിലവിൽ നോ ഗോ സോണായി സർക്കാർ നോട്ടിഫൈ ചെയ്തിട്ടുള്ള മേഖലയ്ക്ക്

പുറത്തുള്ളതും എന്നാൽ നോ ഗോ സോണിൽ കൂടി മാത്രം പ്രവേശനം സാധ്യമായിട്ടുള്ള (വഴി സൌകര്യമില്ലാത്ത) ഒറ്റപ്പെട്ടുപോയിട്ടുള്ള വീടുകളിൽ താമസിക്കുന്നവർ ഉൾപ്പെടുന്ന കരട് ലിസ്റ്റ് ( ലിസ്റ്റ് ബി) കൂടി മേൽ പറഞ്ഞ എ ലിസ്റ്റ് തയ്യാറാക്കുന്ന അതേ നടപടിക്രമത്തിലൂടെ തയ്യാറാക്കുവാൻ ജില്ലാകളക്ടർക്ക് നിർദ്ദേശം നല്കിയിരുന്നു.

7. നിലവിൽ വയനാട് ജില്ലാകളക്ടർ തയ്യാറാക്കിയ ലിസ്റ്റ് പ്രകാരം ഫെയ്സ് 1 ൽ 242 ഗുണഭോക്താക്കളുടെ ലിസ്റ്റ് അന്തിമമാക്കിയിട്ടുണ്ട്. ഫെയ്സ് 2 എ യുടെ പ്രാഥമിക പരിശോധനയിൽ 81 ഗുണഭോക്താക്കളുടെ ലിസ്റ്റിന് DDMA അംഗീകാരം നല്കിയിട്ടുണ്ട്. കൂടാതെ നോ ഗോ സോണിന്റെ പുറത്ത് സ്ഥിതി ചെയ്യുന്ന (സോണിന്റെ പരിധിയിൽ നിന്ന് 50 മീറ്ററിനുള്ളിൽ) ഒറ്റപ്പെട്ടുപോയ വീടുകളെ ഉൾപ്പെടുത്തി ഏകദേശം 99 ഗുണഭോക്താക്കൾ കൂടി ഉൾപ്പെട്ട ഫെയ്സ് 2 ബി ലിസ്റ്റ് അന്തിമ പരിശോധനയ്ക്കും അംഗീകാരത്തിനും വിധേയമായി തയ്യാറാക്കിയിട്ടുണ്ട്.

8. മേൽ പ്രകാരം 2B ലിസ്റ്റിൽ ഉൾപ്പെട്ട വീടുകൾ കൂടി പരിഗണിക്കുമ്പോൾ ആകെ ഗുണഭോക്താക്കളുടെ എണ്ണം 422 ആയി മാറും. ഗുണഭോക്താക്കളിൽ ചിലരെങ്കിലും സർക്കാർ പ്രഖ്യാപിച്ച 15 ലക്ഷം രൂപയുടെ ധനസഹായം കൈപറ്റാൻ സാധ്യതയുണ്ട്. KIIFCON ലഭ്യമാക്കിയ ബദൽ നിർദ്ദേശ പ്രകാരം എൽസ്റ്റോൺ എസ്റ്റേറ്റിൽ 7 സെന്റ് ഭൂമി വീതം അനുവദിക്കുകയാണെങ്കിൽ 430 വീടുകൾ നിർമ്മിക്കുവാൻ സാധിക്കും. അത്തരം സാഹചര്യത്തിൽ മാതൃക ടൗൺഷിപ്പായി ഒരു എസ്റ്റേറ്റ് (Elstone Estate) മാത്രമേ വികസിപ്പിക്കേണ്ടതുള്ളൂ, കാരണം എല്ലാ ഗുണഭോക്താക്കളെയും ഈ ഒരു എസ്റ്റേറ്റിലേയ്ക്ക് പുനരധിവസിപ്പിക്കുവാൻ സാധിക്കുന്നതാണ്. വീട് ഒന്നിന് എസ്റ്റിമേറ്റ് 30,19,964 /- (മുപ്പത് ലക്ഷത്തി പത്തൊമ്പതിനായിരത്തി തൊള്ളായിരത്തി അറുപത്തി നാല് രൂപ മാത്രം) രൂപയാണ് കണക്കാക്കിയിട്ടുള്ളത് ( GST ഒഴികെ). വലിയ തോതിലുള്ള നിർമ്മാണം നടക്കുന്നതിനാൽ പ്രതിശീർഷ തുക കുറയുമെന്ന് അനുമാനിക്കാവുന്നതാണ്.

9. എൽസ്റ്റോൺ എസ്റ്റേറ്റിൽ നിർമ്മിക്കുന്ന ടൗൺഷിപ്പിൽ ഗുണഭോക്താക്കൾക്ക് 5 സെന്റ് ഭൂമി അനുവദിക്കുവാനാണ് 15/01/2025 ലെ സ.ഉ(കൈ)നം.2/2025/ഡിഎംഡി പ്രകാരം ഉത്തരവായിരുന്നത്. എന്നാൽ കൂടുതൽ ഭൂമി അനുവദിക്കണമെന്ന ആവശ്യം ഗുണഭോക്താക്കളും സ്പോൺസർ സംഘടനകളും ഉയർത്തിയ സാഹചര്യത്തിൽ മറ്റ് പബ്ലിക്ക് ബിൽഡിങ്ങിന്റെ എണ്ണം കുറച്ച്കൊണ്ട് 6 സെന്റ് അല്ലെങ്കിൽ 7 സെന്റ് ഭൂമി അനുവദിക്കുന്ന രീതിയിൽ കൂടി പ്ലാൻ തയ്യാറാക്കി സമർപ്പിക്കുവാൻ KIIFCON-ന് നിർദ്ദേശം നല്കിയതിന്റെ അടിസ്ഥാനത്തിൽ കിഫ്കോൺ മറ്റൊരു പ്ലാൻ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. KIIFCON ലഭ്യമാക്കിയ ബദൽ നിർദ്ദേശ പ്രകാരം എൽസ്റ്റോൺ എസ്റ്റേറ്റിൽ (കൽപ്പറ്റ) 6 സെന്റ് ഭൂമി വീതം അനുവദിക്കുകയാണെങ്കിൽ 485 വീടുകളും, 7 സെന്റ് ഭൂമി വീതം അനുവദിക്കുകയാണെങ്കിൽ 430 വീടുകളും നിർമ്മിക്കുവാൻ സാധിക്കും. എൽസ്റ്റോൺ എസ്റ്റേറ്റിൽ ആദ്യ പ്ലാനിൽ ഉൾപ്പെടുത്തിയിരുന്ന പബ്ലിക്ക്

ബിൽഡിങ്ങിന്റെ എണ്ണത്തിൽ കുറവ് വരുത്തികൊണ്ടും പ്രസ്തുത സ്ഥലത്തിന് മുകളിലൂടെയുള്ള ഹൈടെൻഷൻ വൈദ്യുതി ലൈൻ മാറ്റി സ്ഥാപിക്കുന്നതിലൂടെയുമാണ് കൂടുതൽ സ്ഥലം കണ്ടെത്തുന്നതിന് ഉദ്ദേശിച്ചിട്ടുള്ളത്. 6 സെന്റ് ഭൂമി വീതമുള്ള പ്ലോട്ട് നല്കുകയാണെങ്കിൽ ഓരോ ക്ലസ്റ്ററിലും 18 വീടുകൾ ഉണ്ടാകും. ഓരോ വീടിനും മതിയായ വിട്ടുനിൽപ്പ് (setback) ഉണ്ടാകും. വീടിന്റെ ഒരു വശത്ത് 1.5 മീറ്റർ, മറുവശത്ത് 1.5 മുതൽ 2.3 മീറ്റർ വരെ, പിൻവശത്ത് 3.7 മീറ്റർ, മുൻവശത്ത് 3 മുതൽ 4 മീറ്റർ വരെ setback ലഭിക്കും. 7 സെന്റ് ഭൂമി വീതമുള്ള പ്ലോട്ട് നല്കുകയാണെങ്കിൽ, ഓരോ ക്ലസ്റ്ററിലും 16 വീടുകൾ ഉൾപ്പെടും. വീടിന്റെ പിറകുവശത്ത് 3.7 മീറ്റർ, മുൻവശത്ത് 3.7 മുതൽ 5.3 മീറ്റർ വരെ, ഒരു വശത്ത് 2 മീറ്റർ, മറുവശത്ത് 2.9 മുതൽ 3.6 മീറ്റർ വരെ വിട്ടുനിൽപ്പ് (setback) ലഭ്യമാകും.

10. വയനാട് മാതൃകാ ടൗൺഷിപ്പിലെ ഭൂമി പതിവ് വിഷയവുമായി ബന്ധപ്പെട്ട് ചുവടെ കാണുന്ന വിഷയങ്ങളിൽ സർക്കാരിൽ നിന്നും ഉത്തരവാകണമെന്ന് ലാന്റ് റവന്യൂ കമ്മീഷണർ ആവശ്യപ്പെട്ടിരുന്നു.

i. വയനാട് മാതൃകാ ടൗൺഷിപ്പ് നിർമ്മിക്കുന്നതിനായി കണ്ടെത്തിയിട്ടുള്ള എൽസ്റ്റൺ എസ്റ്റേറ്റ് സ്ഥിതി ചെയ്യുന്നത് മുനിസിപ്പൽ പ്രദേശത്താണ്.

ii. ഭൂമി പതിച്ച് നൽകുന്നതിന് ഗുണഭോക്താവിന്റെ വരുമാന പരിധി കണക്കാക്കേണ്ടതില്ലെന്ന വിഷയത്തിൽ തീരുമാനം കൈക്കൊള്ളാവുന്നതാണ്.

iii. റസിഡൻഷ്യൽ യൂണിറ്റായി ലഭിച്ച ഭൂമിയും വീടും ഹെറിട്ടബിൾ ആയിരിക്കുകയും, പന്ത്രണ്ട് വർഷത്തേയ്ക്ക് അന്യാധീനപ്പെടുത്താൻ പാടില്ലാത്തതുമാണ്.

iv. റസിഡൻഷ്യൽ യൂണിറ്റും വീടും ഗൃഹനാഥന്റെയും ഗൃഹനാഥയുടെയും കൂട്ടായ പേരിൽ അനുവദിക്കാവുന്നതാണ് (ജീവിച്ചിരിക്കുന്നത് അനുസരിച്ച്).

v. ടി ഭൂമിയും വീടും, 12 വർഷത്തിന് മുൻപ് ഗുണഭോക്താവിന് അവശ്യ ഘട്ടങ്ങളിൽ പണയപ്പെടുത്തി (Mortgage) വായ്പ എടുക്കുന്നതിന്റെ സാധുത ഓരോ കേസുകളായി പരിശോധിച്ച് സർക്കാർ തീരുമാനം കൈകൊള്ളുന്നതാണ്.

11. മേൽപറഞ്ഞ വിഷയങ്ങൾ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

<u>തീരുമാനിക്കേണ്ട വിഷയം</u>

1. നോ-ഗോ സോണിന് പുറത്തായി സ്ഥിതി ചെയ്യുന്ന ദുരന്ത കാരണം ഒറ്റപ്പെട്ടു പോകുന്ന വീടുകളെ ഉൾപ്പെടുത്തിയിട്ടുള്ള കരട് ഫേസ് 2 B ലിസ്റ്റ്, നോ-ഗോ സോണിന്റെ പരിധിയിൽ നിന്ന് 50 മീറ്ററിനുള്ളിൽ പൂർണ്ണമായി ഒറ്റപ്പെട്ടുപോകുന്ന അവസ്ഥയിലുള്ള

വീടുകൾ മാത്രം പരിഗണിച്ചുകൊണ്ട് തീട്ടപ്പെടുത്താൻ വയനാട് ജില്ലാകളക്ടർക്ക് നിർദ്ദേശം നൽകാവുന്നതാണോ?

2. വയനാട് ജില്ലാ കളക്ടർ തയ്യാറാക്കിയ ദുരന്ത ബാധിത കുടുംബങ്ങളുടെ ലിസ്റ്റ് 430 അധികരിക്കാത്തതിനാലും സർക്കാർ നിർമ്മിക്കുന്ന ടൗൺഷിപ്പിന് പുറത്ത് താമസിക്കുവാൻ ആഗ്രഹിക്കുന്ന ഉരുൾപ്പൊട്ടൽ ബാധിത കുടുംബങ്ങൾക്ക് അനുവദിക്കുന്ന 15 ലക്ഷം രൂപ സ്വീകരിക്കുന്ന ഗുണഭോക്താക്കളും ലിസ്റ്റിൽ നിന്ന് ഒഴിവാക്കപ്പെടും എന്നതിനാലും പുനരധിവാസത്തിനായി എൽസ്റ്റോൺ എസ്റ്റേറ്റ് മാത്രമായി ഏറ്റെടുക്കാവുന്നതും നെടുമ്പാല എസ്റ്റേറ്റിനെ ഒഴിവാക്കാവുന്നതുമാണോ? ഗുണഭോക്താക്കൾക്ക് വീട് നൽകുന്നതിനായി 7 സെന്റ് ഭൂമി വീതമുള്ള plot size ആയി പുന: ക്രമീകരിക്കാമോ ?

3. വയനാട് മാതൃകാ ടൗൺഷിപ്പിലെ ഭൂമി പതിവ് വിഷയവുമായി ബന്ധപ്പെട്ട് കുറിപ്പിലെ മേൽ ഖണ്ഡിക 10-ലെ നിർദ്ദേശങ്ങൾ അംഗീകരിക്കാവുന്നതാണോ ?

4. ടൗൺഷിപ്പിൽ വീട് അനുവദിക്കുന്നതിനോ, 15 ലക്ഷം രൂപ നൽകുന്നതിനോ മുൻപ് പട്ടികയിൽപെടുന്ന വീടുകളിൽ നിന്നും ഉപയോഗയോഗ്യമായ ജനൽ, വാതിൽ, മറ്റ് വസ്തുക്കൾ എന്നിവ ഗുണഭോക്താക്കൾ തന്നെ സ്വയം പൊളിച്ച് മാറ്റുന്നതിനും, വില്ലേജ് ഓഫീസറും, പഞ്ചായത്ത് സെക്രട്ടറിയും സംയുക്തമായി ആയത് ഉറപ്പ് വരുത്തുന്നതിനും നിർദ്ദേശം നല്കാവുന്നതാണോ ?

5. ഒരു വീട് പൂർണ്ണമായി നിർമ്മിക്കുന്നതിനുള്ള സ്പോൺസർഷിപ്പ് തുക എത്രയായിരിക്കുമെന്നത് തിട്ടപ്പെടുത്താമോ ? എങ്കിൽ എത്ര ?